**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6043 — 10-7-12 ൽ മറുപടിക്ക്

## കേബിൾ ടി.വി. മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സ്വയംതൊഴിൽ പ്രകാരം കേബിൾ ടി.വി. നെറ്റ്വർക്ക് നടത്തുന്ന സംരംഭകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഇല്ലെങ്കിൽ പ്രസ്തുത മേഖലയിൽ സർക്കാർ നിയന്ത്രണം കൊണ്ടുവരുന്നതിന്നടപടികൾ സ്വീകരിക്കുമോ; | ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| സി) കേബിൾ ടി.വി. മേഖലയിൽ പ്രവർത്തിക്കുന്ന ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ എന്ന ബോംബെ രഹേജാഗ്രൂപ്പ് കമ്പനിക്കെതിരെ ഈ മേഖലയിലുള്ള ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് എന്ന കമ്പനിക്കെതിരെ കൊച്ചിയിലെ സ്റ്റാർമേറ്റ് എന്ന സ്ഥാപനവും മഞ്ചേരിയിലെ കാസ്കം കേബിൾ ടി.വി. നെറ്റ് വർക്ക് എന്ന സ്ഥാപനവും സർക്കാരിൽ പരാതി നൽകിയിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറി ഇരുകക്ഷികളുമായും പല തവണ ഒത്തുതീർപ്പുചർച്ച നടത്തുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് കോടതിവിധി നിലനിൽക്കുന്നതിനാൽ സർക്കാരിന്റെ ഇടപെടലിന് പരിമിതിയുണ്ട്. ഇക്കാര്യം ചർച്ചയിലും ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ഉന്നയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ